WEDNESDAY

01/04/2026

ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. K S          Editor: Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 01/04/2026

1. കാർഷിക യന്ത്രവൽക്കരണ ഉപപദ്ധതിയിൻ (SMAM) കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര, വിള സംസ്കരണ, മൂല്യ വർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. 2025-2026 സാമ്പത്തിക വർഷത്തിലെ അപേക്ഷകൾ ഓൺലൈനായി http://agrimachinery.nic.in/index എന്ന വെബ് സൈറ്റ് മുഖേന നൽകാവുന്നതാണ്. പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയവുമായോ, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷിഭവനുമായോ 0471-2306748, 0477-2266084, 0495-2725354 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

2. അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഗുണമേന്മയുള്ള ടിഷ്യൂകൾച്ചർ വാഴതൈകളായ നേന്ത്രൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

– 30 രൂപ, റോബസ്റ്റ – 20 രൂപ, ഗ്രാൻനെയ്ൻ – 20 രൂപ എന്നീ നിരക്കിൽ വില്പ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 04936-260561, 04936-260421 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

3. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന "ജൈവ ജീവാണു വളങ്ങൾ" എന്ന വിഷയത്തിലെ സൗജന്യ ഓൺലൈന് കോഴ്സിന്റെ പുതിയ ബാച്ച് 2026 ഏപ്രിൽ 20 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in/elearning/reg.php എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റ ർ ചെയ്യാം. ഏപ്രിൽ 30 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff



പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റ് നൽകുന്നതാണ്. രജിസ്റ്റർ ചെയ്യുവർക്ക് **ഏപ്രിൽ 20** മുതൽ യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം. Phone: 0487-2438566

4. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ആറുമാസത്തെ തേനീച്ചവളർത്തൽ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. എസ്എസ്എൽസിയോ തത്തുല്യ അടിസ്ഥാന വിദ്യാഭ്യാസയോഗ്യത യോ ഉള്ള 18നും 30നും ഇടയിൽ പ്രായമുള്ളവർക്ക് ഓൺ ലൈനായി അപേക്ഷിക്കാം. ഫീസ് 30,000 രൂപ. ഇതിനുപുറമെ ഫീൽഡ് ട്രെയിനിങ്ങിന് ചെലവാകുന്ന അധികതുക അപേക്ഷകർ വഹിക്കണം. അപേക്ഷാഫീ സ് 50 രൂപ. ജൂലൈ 31നകം അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9747321760. വെബ് സൈറ്റ്: khadi.kerala.gov.in

5. **കാർഷിക നിർദേശം**

വിവിധ കാർഷിക വിളകളെ ബാധിക്കുന്ന വാട്ട രോഗങ്ങൾ, വേര് ചീയൽ തുടങ്ങി മണ്ണിലൂടെ പകരുന്ന എല്ലാ കുമിൾ രോഗങ്ങളെയും

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രതിരോധിക്കുന്നതിനായി മണ്ണിൽ ട്രൈക്കോഡെർമ്മ സമ്പുഷ്ടീകരിച്ച ചാണകം ഉപയോഗിക്കാവുന്നതാണ്. ഇതിനായി ഉണങ്ങിയ ചാണകവും വേപ്പിൻ പിണ്ണാക്കും 9:1 എന്ന അനുപാതത്തിൽ (90 കിലോ ചാണകത്തിന് 10 കിലോ വേപ്പിൻപിണ്ണാക്ക് എന്ന തോതിൽ) 1–2 കിലോ ട്രൈക്കോഡെർമ്മയുമായി 25 % ഈർപ്പത്തിൽ കൂട്ടിക്കലർത്തി തണലുള്ള സ്ഥലത്ത് കൂനകൂട്ടിയിടുക. ചാക്കോ പ്ലാസ്റ്റിക് ഷീറ്റോ കൊണ്ട് കൂന മൂടുകയും വേണം. 4–5 ദിവസത്തിന് ശേഷം വെള്ളം തളിച്ച് കൂന ഇളക്കി വീണ്ടും മൂടിയിടുകയും ചെയ്യുക. 3 ദിവസം കഴിഞ്ഞു ഈ മിശ്രിതം വിളകൾക്ക് മണ്ണിൽ ചേർത്ത് നൽകാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം